Santhigiri

# ഉമ്മിണിതങ്കം

VOL 04 | ISSUE 2 | 2017 ജനുവരി 14 | 1193 ധനു 30

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

ഗുരുവാണി

"സമ്പത്ത് ഏറുമ്പോൾ ധർമ്മം കുറയും. ധനം കുറഞ്ഞിരുന്നാൽ ധർമ്മശ്രദ്ധ ഏറിയിരിക്കും"

# ഇന്നോളം ഒരു ഗുരുപരമ്പരയിലും കാണാനാവാത്ത ഗുരുശിഷ്യപാരസ്പര്യത്തിന്റെ പങ്കുവയ്ക്കൽ

## പൂജിതപീഠം സമർപ്പണ വ്രതസങ്കല്പങ്ങൾക്ക് തുടക്കമായി

**സ്പിരിച്വൽ സോൺ:** പൂജിതപീഠം സമർപ്പണം ആഘോഷങ്ങളുടെ വ്രതസങ്കല്പങ്ങൾ ശനിയാഴ്ച ആരംഭിച്ചു. കേന്ദ്രാശ്രമത്തിലും വിവിധ ബ്രാഞ്ച് ആശ്രമങ്ങളിലും ഇനി നാൽപ്പത്തൊന്നു നാൾ പ്രത്യേക പ്രാർത്ഥനാസങ്കല്പങ്ങളും പുഷ്പസമർപ്പണവും ഉണ്ടായിരിക്കും. രാവിലെ ആറുമണിക്ക് ആരാധനയ്ക്ക് ശേഷമാണ് പുഷ്പസമർപ്പണം നടക്കുക. ഒരു പ്രാവശ്യം അഖണ്ഡനാമവും സങ്കല്പവും ചൊല്ലി പുഷ്പം സമർപ്പിച്ച് പർണശാലയിലും സഹകരണമന്ദിരത്തിലും പ്രാർത്ഥനാലയത്തിലും ഒരു തവണ പ്രദക്ഷിണം വച്ച് സമർപ്പിക്കും.



*പൂജിതപീഠം സമർപ്പണം വ്രതസങ്കല്പങ്ങൾക്ക് ശനിയാഴ്ച ആശ്രമത്തിൽ തുടക്കമായപ്പോൾ*

ഗുരുശിഷ്യബന്ധത്തിന്റെ മഹനീയത വിളംബരം ചെയ്യുന്ന പുണ്യസുദിനമാണ് ശാന്തിഗിരി പരമ്പര ഓരോ ഫെബ്രുവരി 22 നും ആഘോഷിക്കുന്ന പൂജിതപീഠം സമർപ്പണ ദിനം. ഗുരുവിന്റെ ത്യാഗജീവിതം സർവാത്മനാ ഏറ്റുവാങ്ങുന്ന ശിഷ്യസമ്പത്ത് ഗുരുവിലുള്ള ആത്മസമർപ്പണത്തിലൂടെ ഗുരുവിനോളം തന്നെ ഗുരുവിന്റെ ശിഷ്യപൂജിതയിലൂടെ പ്രവർത്തിച്ചെത്തുകയാണ്. ഗുരുവിൽ ശിഷ്യയും ശിഷ്യയിൽ ഗുരുവും നേടുന്ന ഈ പൂർണ്ണത ആത്മീയചരിത്രത്തിലെ അപൂർവമായ അനുഭവം കൂടിയാണ്. ലോകചരിത്രത്തിൽ ഇന്നോളം ഒരു ഗുരുപരമ്പരയിലും കാണാനാവാത്ത ഗുരുശിഷ്യപാരസ്പര്യത്തിന്റെ സമാനതകളില്ലാത്ത പങ്കുവയ്ക്കലാണിത്. ജ്ഞാനാവസ്ഥയുടെ യഥാതഥമായ പ്രതീകവത്കരണമെന്നുകൂടി ഈ ആഘോഷത്തെ വിശേഷിപ്പിക്കാം. അനുഭവശാലിയായ ഒരു ശിഷ്യൻ അല്ലെങ്കിൽ ശിഷ്യയിലൂടെ ലോകം ഗുരുവിനെ അറിയുന്നു. ഗുരുവിന്റെ ത്യാഗനിർഭരമായ ജീവിതമഹിമകൾ ശിഷ്യനിലൂടെ ലോകം വാക്കായി വഴിയായി ജീവിതസാന്ത്വനമായി സ്വീകരിക്കുന്നു.

ശാന്തിഗിരിയിൽ ശിഷ്യ, ഗുരുവിനെ സാക്ഷാത്കരിച്ചിരിക്കുന്നു. ഇത് ദൈവനിശ്ചയം തന്നെയാണ്. ഒരു ദിവസംകൊണ്ടോ ഏതാനും ദിവസങ്ങൾ കൊണ്ടോ സംഭവിച്ചതല്ല ഇത്. ശിഷ്യപൂജിതയുടെ ജീവിതം തന്നെയാണ് ഇതിനു തെളിവ്. ഒരിക്കൽ, തന്നെ കാണാനെത്തിയ ഒരു പ്രധാന വ്യക്തിയുടെ മുന്നിൽ വച്ച് ദർശനവശം തെളിഞ്ഞ സന്ന്യാസിസന്ന്യാസിനി ബ്രഹ്മചാരി സംഘത്തെ വിളിച്ചുനിർത്തിക്കൊണ്ട് ഗുരു പറഞ്ഞു: "ഇവർക്കൊക്കെ ഈ ലോകത്തിനു പറ്റിയ തെറ്റെന്തെന്ന് കാണാൻ കഴിയും. പക്ഷെ ഇതവർക്ക് തിരുത്താനറിയില്ല." എന്നിട്ട് ഗുരു, ശിഷ്യപൂജിതയെ (അന്ന് ജനനി അമൃതജ്ഞാന തപസ്വിനി) വിളിപ്പിച്ചു നിർത്തിയിട്ട് പറഞ്ഞു: ഇവൾക്ക് ആ തെറ്റെന്തെന്ന് കാണാനും അത് തിരുത്താനും കഴിയും."

ലോക സ്ത്രീത്വത്തിന് മാതൃകയായി, വേദവാഹിനിയെന്ന മഹത്കർമ്മത്തിന്റെ അവകാശിയായി പിൽക്കാലത്ത് ദർശനവശത്തിന്റെ പ്രൗഢോജ്ജ്വലമായ ദീപ്തിയുടെ പ്രകാശപ്രഭാവത്തിലേക്ക്, ഗുരുശിഷ്യ പാരസ്പര്യത്തിന്റെ മകുടോദാഹരണമായി ശിഷ്യപൂജിതയായി മാറുകയും ചെയ്തഎല്ലാ അനുഭവങ്ങളുംവിരൽചൂണ്ടുന്നത് ഒരേ സത്യത്തിലേക്കാണ്- ഗുരു ബ്രഹ്മനിശ്ചയമാണ്, ശിഷ്യനും അതുതന്നെ. നാല്പത്തൊന്ന് ദിവസത്തെ വ്രതസങ്കല്പങ്ങളുടെ സമർപ്പണമായി ഫെബ്രുവരി 22ന് പൂജിതപീഠം സമർപ്പണം ആഘോഷവും അർദ്ധവാർഷിക കുംഭമേളയും നടക്കും.

### പൂജിതപീഠം സമർപ്പണം സങ്കല്പം

**അഭിവന്ദ്യ ശിഷ്യപൂജിത അറിയിച്ചത്**

ദൈവമേ, ഗുരുവേ അപ്പാ,
എന്റെയീ ദോഷവും
എന്റെ വീടോടെയുള്ള ദോഷവും മാറി
എന്റെ കർമ്മത്തിലുള്ള ദോഷവും മാറി
എന്താണോ എനിക്ക് കിട്ടേണ്ടത് കിട്ടണമേ
ഗുരുവേ അപ്പാ ദൈവമേ പരബ്രഹ്മമേ.

# ജീവിതം മഹത്തരമാക്കാൻ ദൈവംതന്ന കഴിവുകൾ വിനിയോഗിക്കണം : സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി

**സ്പിരിച്വൽ സോൺ:** മെട്രോ മനോരമ, സരസ്വതി വിദ്യാലയം എന്നിവയുടെ സഹകരണത്തോടെ സംഘടിപ്പിച്ച 'മികവിന് കൈത്താങ്ങ്' സെമിനാർ ശാന്തിഗിരി ആശ്രമത്തിൽ വച്ച് നടന്നു. ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്തു. ജീവിതം മഹത്തരമാക്കാൻ ദൈവം നമുക്കു നല്കിയ സമ്മാനങ്ങളാണ് നമ്മുടെ കഴിവുകളും വ്യത്യസ്തതകളും എന്ന് സ്വാമി ചൂണ്ടിക്കാട്ടി.




*'മികവിന് കൈത്താങ്ങ്' സെമിനാർ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്യുന്നു*

വിദ്യാർത്ഥികൾ അവരുടെ ആന്തരികശക്തി തിരിച്ചറിയണം. ഇന്നു ലോകത്തിൽ മുൻപന്തിയിലെത്തിയവരെല്ലാം അവരവരുടെ പ്രവർത്തനമണ്ഡലങ്ങൾ വ്യക്തമായി തിരിച്ചറിഞ്ഞവരാണ്. ചിലർ ബാല്യത്തിൽതന്നെ തങ്ങളുടെ പ്രവർത്തന മേഖല തിരിച്ചറിയുന്നു. ചിലരാകട്ടെ അനവധി പരാജയങ്ങൾക്കുശേഷമോ വളരെ പ്രായം ചെന്നതിനുശേഷമോ വിജയങ്ങൾ കണ്ടെത്തുന്നു. നാം ഇന്നലെ എന്തായിരുന്നു എന്നതല്ല, ഇന്ന് എന്താണ്, നാളെ എന്താകണം എന്നതിലാണ് കാര്യം. നമ്മൾ ലോകത്ത് ചെയ്തുതീർക്കേണ്ട ജോലി നമ്മൾതന്നെ അന്വേഷിച്ചു കണ്ടെത്തിയേ മതിയാവൂ എന്നും സ്വാമി പറഞ്ഞു.

സരസ്വതി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് ചെയർമാൻ ജി. രാജ്മോഹൻ അദ്ധ്യക്ഷത വഹിച്ചു. ശാന്തിഗിരി വിദ്യാഭവൻ പ്രിൻസിപ്പൽ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി, മലയാള മനോരമ സർക്കുലേഷൻ ഡെപ്യൂട്ടി ജനറൽ മാനേജർ സി.എ. തോമസ് തുടങ്ങിയവരും സംസാരിച്ചു. തിരുവനന്തപുരത്ത് അൻപത് സ്കൂളുകളിലെ മുതിർന്ന വിദ്യാർത്ഥികൾക്കായിട്ടാണ് മൂന്ന് മാസം നീണ്ടുനില്ക്കുന്ന ഈ സെമിനാർ പരമ്പര സംഘടിപ്പിച്ചിരിക്കുന്നത്. സെമിനാർ പരമ്പരയിൽ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി,ബിഷപ്ഡോ. സാമുവൽ മാർ ഐറേനിയസ്, മുൻ ചീഫ് സെക്രട്ടറിമാരായ സി.പി. നായർ, ജിജി തോംസൺ, മുൻ സംസ്ഥാന പോലീസ് ഡയറക്ടർ ജനറൽ ജേക്കബ് പുന്നൂസ്, മുൻ ഐ.ജി, എസ് ഗോപിനാഥ്, ഹയർ സെക്കന്ററി ഡയറക്ടർ ജെയിംസ് ജോസഫ് തുടങ്ങി സമൂഹത്തിന്റെ നാനാതുറകളിലെ പ്രമുഖർ വിദ്യാർത്ഥികളുമായി സംവദിക്കും.

# ഗുരുവാണി

ദൈവം മാർഗ്ഗനിർദ്ദേശം ചെയ്യുന്നു. നിങ്ങളതിനെ, നിങ്ങൾക്കു വേണ്ടി നിങ്ങളുടെ സന്താനങ്ങൾക്കു വേണ്ടി നിങ്ങളുടെ വീടിനും നാടിനും രാജ്യത്തിനും  വേണ്ടി നടപ്പാക്കുന്നു. ഇതിനെ അളവോളം തൂക്കത്തോളം ദർശിച്ചില്ലെങ്കിൽ നിങ്ങൾക്ക് വിഷമമുണ്ടാകും. അതിനുള്ള അടിസ്ഥാനശിലയായിട്ടാണ് ഇവിടെ ഗുരുപൂജ ചെയ്യുന്നത്.

ഇവിടെ വന്നിട്ടുള്ളതിലധികം പേരും കമ്യൂണിസ്റ്റുകാരും നക്സലൈറ്റുകളുമാണ്. പക്ഷെ വിശ്വാസത്തിന്റെ പുറത്ത് എല്ലാ ഇസങ്ങളും എല്ലാ വാദങ്ങളും പൊളിഞ്ഞുപോകുന്നതാണ് ഇവിടുത്തെ അനുഭവം. ഇവിടെ കേവലം സന്ന്യാസമാണെന്ന് ആരും വിചാരിക്കരുത്. ഇവിടെ ഒരു ജീവിതക്രമമുണ്ട്. എന്നല്ല, തോന്ന്യാസമൊഴിച്ച് മറ്റെല്ലാം ഇവിടെയുണ്ട്. ഇവിടെയുള്ളതിനെ എത്ര കഷ്ടപ്പെട്ടായാലും ലോകമക്കളിൽ പകരാനുള്ള വാശി നിങ്ങൾക്കുണ്ടാവണം. നമ്മളിവിടെ പ്രാർത്ഥനയല്ലാതെ മറ്റൊരു വിക്രിയയും ചെയ്യുന്നില്ല. നിങ്ങളുടെ പ്രവൃത്തിയിൽക്കൂടി നിങ്ങളുടെ നന്മയും ഭാഗ്യവും വന്നുചേരണം. സന്ന്യാസി പ്രവർത്തിച്ചാൽ ആചാരത്തിൽ നിന്നുമാറ്റാം. എന്നാൽ കർമം സൂക്ഷിച്ചില്ലെങ്കിൽ എല്ലാം നഷ്ടമാകും. നിങ്ങളോട് എട്ടുനേരം ചെയ്യാൻ പറഞ്ഞിരിക്കുന്ന ഈ പ്രാർത്ഥന ഓരോ മക്കളിലും പകർന്ന്, ലോകമക്കളിൽ പകരാൻ പ്രാർത്ഥിക്കണം. അതാണ് ആദികർമം. ഭാഗ്യം ഉതകണമെങ്കിൽ ആദ്യം ദൈവത്തോട് പ്രാർത്ഥിക്കണം. പിന്നീട് നമ്മുടെ നിലനില്പിനുള്ള പ്രവൃത്തി. അതിൽപിന്നെ ജീവന്റെ നിലനിൽപിനുള്ള ബുദ്ധി. അതു വളർത്തി ലക്ഷംപേരുടെ കർമത്തെ ആവർത്തിച്ചു നിവർത്തിക്കാനുള്ള വ്യക്തിത്വത്തിനായുള്ള വാശിയിൽ എത്തിക്കണം. അതിലൂടെ ലോകത്തിനുപകരിക്കാനുള്ള ചിട്ടയും ക്രമവും. ഈ നിലയിൽ പ്രവർത്തിച്ചാലെ ഉപയോഗമുള്ളൂ.

വിശ്വാസത്തിൽ സ്ഥായിയായ നിലനില്പുണ്ടാകണം. ആരെങ്കിലും പറയുന്നതുകേട്ടുകൊണ്ടു പോകാതെ ഗുരുവിന്റെ അടുത്തുവന്ന് അറിയണം. അതോടൊപ്പം എല്ലാം ഈശ്വരനിൽ സമർപ്പിക്കാനുള്ള ബോധവും ഉണ്ടാകണം. നമ്മൾ ഇന്നു പ്രവർത്തിക്കുന്നത് എത്രയോ ചതുർയുഗങ്ങൾക്കോ മന്വന്തരങ്ങൾക്കോ വേണ്ടിയാണ്. അതിനൊരു ഉപാധി ദൈവം തന്നു. അതിനു വിശേഷവിധിയായ ഒരു ഗുണം നമുക്ക് വേണം. ആണ്, പെണ്ണ്, വലുത്, ചെറുത്, ജാതി, മതം എന്നിവ മറന്ന് ഏകോദര സഹോദരസ്നേഹം പകരണം. ഇവിടെ ആരിൽ ഒരു കുറവ് കണ്ടാലും സ്വകാര്യമായിനൊന്ത് അവരോട് പറയണം. അതുപോലെ നിങ്ങളുടെ സഹോദരങ്ങളുടെ വീട്ടിൽ ഒരു പെണ്ണിനെ കല്യാണം കഴിപ്പിച്ചുകൊടുക്കാൻ നിവൃത്തിയില്ലാതെ വന്നാൽ, ഒരു ചെറുക്കന്റെ കെടുതിമൂലം ഒരു കുടുംബം നഷ്ടപ്പെടുമെന്ന നിലവന്നാൽ, അതൊക്കെ പരിഹരിക്കാൻ നിങ്ങൾ തയ്യാറാകണം.

ഒരു സന്ന്യാസിയെ ഒരിക്കലും കുറ്റംപറയരുത്. ഒന്നുമില്ലെങ്കിലും അവൻ കുറെ ത്യാഗം സഹിച്ചവനാണ്. സന്ന്യാസിയുടെ ത്യാഗംകൊണ്ട് ഏതൊരു കാര്യത്തിനും പൂർണമായ ഒരു നേട്ടമുണ്ട്. അതിനെക്കുറിച്ചൊരു ധാരണയുണ്ടായാൽ നിങ്ങളുടെ സന്താനങ്ങളിൽ ഭാഗ്യവും ഐശ്വര്യവും വന്നുചേരും. അതായത് സന്ന്യാസിയുടെ ത്യാഗത്തെ മാനിച്ചെടുത്താൽ അതിന്റെ നേട്ടം ഗൃഹസ്ഥാശ്രമികൾക്കാണ്. മണ്ണെണ്ണ വിളയുന്ന നാട്ടിൽ പോയാൽ പണം സമ്പാദിക്കാം എന്ന നിലവന്നത് ഒരു വിഭാഗം ജനങ്ങളുടെ മതബോധം കൊണ്ടാണ്.

ഞാൻ ഇതിനുവേണ്ടി ധാരാളം ചീത്ത കേട്ടു, സഹിച്ചു, വേദനിച്ചു; ദൈവം ഒരു കരയ്ക്കടിപ്പിക്കുകയും ചെയ്തു. ഇവിടെ ഒരു ആശ്രമത്തിന്റെ രീതിയാണ് അവലംബിച്ചിരിക്കുന്നതെങ്കിലും പൊതുവെയുള്ള ആശ്രമസങ്കല്പത്തിൽനിന്നും ഇതിനൊരു വ്യത്യാസമുണ്ട്. എന്താണ് നിലവിലുള്ള ആശ്രമസങ്കല്പം? ഇതിനു നാലുവിധത്തിലുള്ള ധാരണയാണുള്ളത്- യോഗം, കർമം, ഭക്തി, ജ്ഞാനം. ഈ ഭൂമിയുടെ നിലനില്പിലും സംവിധാനത്തിലും ഈ നാലിന്റെയും വിവിധ ഭാവങ്ങളിൽ പലതും കലർന്നാണിരിക്കുന്നത്.

ഗൃഹസ്ഥാശ്രമി എന്നുപറയുമ്പോൾ അവന്റെ കർമഗതിയാണ് ഈ ഭൂമിയിൽ നിറഞ്ഞുനിൽക്കുന്നത്. എന്തെന്നാൽ ഗൃഹസ്ഥാശ്രമികളും അവരുടെ വിവിധങ്ങളായ കർമങ്ങളുമാണ് കൂടുതലുള്ളത്. ബ്രഹ്മചാരികളും ഭക്തന്മാരും വളരെ കുറച്ചേയുള്ളൂ. അവരത്രയേ പാടുള്ളുതാനും. അവർ മാർഗദർശികളാണ്. സന്ന്യാസിയും ഭക്തനും എല്ലാം ഉടലെടുക്കുന്നതുതന്നെ ഗൃഹസ്ഥാശ്രമികളിൽ നിന്നുമാണ്. അതുകൊണ്ട് ഗൃഹസ്ഥാശ്രമികളാണ് നന്നാകേണ്ടത്. അവരാണ് പ്രധാനവും. ഈ ആശയത്തിന് ഊന്നൽ കൊടുത്തുകൊണ്ടാണ് നമ്മുടെ ആശ്രമരീതി സംവിധാനം ചെയ്തിരിക്കുന്നത്.

### വചനദീപ്തി

**"പാഹിമാം കരുണാകര മതിമോഹനാങ്കുര ദീപമേ**
**ധ്യാനചാരുവിരാജിതം മമ മാനസം തന്നിൽ വാഴണേ"**

### സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

2018 ജനുവരി 19 – ജനസേവികപുരം
2018 ജനുവരി 20 – പോത്തൻകോട്

### യാമപ്രാർത്ഥന

2018 ജനുവരി 18 വ്യാഴം

പ്രകാശപഥം

# വിശ്വാസത്തിലിരിക്കുന്ന അബദ്ധവശങ്ങൾ

ഒരാളിന്റെ കർമഗതി എങ്ങനെ മാറും? ഞാൻ വെറും സാധാരണയായിട്ട് സംസാരിക്കുകയാണ്. വേദാന്തമൊന്നും നിങ്ങളോട് പറഞ്ഞിട്ട് കാര്യമില്ല. വേദാന്തമെന്നു പറഞ്ഞാൽ അറിവിന്റെ ഒരു ഭാഗമാണ്. വേദാന്തത്തിനേക്കാളും അറിവാണ് ഗുരുവിന്റെ ഓരോ വാക്കിലും, ഓരോ ചലനത്തിലും. വലിയ വലിയ വിപ്ലവാത്മകമായ കാര്യങ്ങൾ അതിലുണ്ടെന്ന് കരുതണം. അമേരിക്കയിൽ ജോലി ചെയ്യുന്ന ഒരു ഡോക്ടർ എന്നോടു പറയുകയാണ്, "എന്റെ എത്രയോ കാലത്തെ കർമഗതികളെ ഗുരുപ്രകാശത്തിൽ നിന്നുകിട്ടുന്ന വാക്കുകൊണ്ടും ഗുരുവിന്റെ വാക്കുകൊണ്ടും എനിക്ക് മാറ്റി മറിക്കാൻ കഴിഞ്ഞെ"ന്ന്. എന്നിട്ട് കരഞ്ഞുകൊണ്ട് എന്റെ മുന്നിൽ എത്രനേരം നിന്നു. അതാണ് ഗുരുവിനെ ആഴത്തിൽ അറിയുമ്പോൾ ആ ആശയവുമായിട്ട് പൊരുത്തപ്പെടും. അങ്ങനെപോയ വ്യക്തികളാണ് ഗുരുവിന്റെ സന്ദേശവാഹകരായിട്ട് പോവുന്നത്. ആ സന്ദേശം എന്നുപറയുന്ന ഭാഗം ഗുരുവിന്റെ വാക്കാണ്. ഗുരുവിൽ ഒതുങ്ങിനിൽക്കുന്ന ആ പ്രകാശത്തിൽക്കൂടിയുള്ള കർമപാതയെ നമ്മുടേതാക്കി എന്നും അത് ചെയ്തൊപ്പിക്കും. അതിന് ഞങ്ങളെങ്ങനെ അവകാശപ്പെടും? ഓരോ മഹാത്മാക്കൾ പറയുന്ന ഓരോ കാര്യവും നമ്മൾ എടുത്ത് പുച്ഛിച്ച് തള്ളുകയല്ല വേണ്ടത്. അതിനകത്തൊരു കാര്യമുണ്ട്. അതിനകത്ത് അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ എന്താണ്? നമ്മുടെ ഗുരു പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എത്രയോ ആഴത്തിലുള്ള സംസ്കാരമാണ്, ദൈവനിശ്ചയമായ കാര്യങ്ങളാണ് എന്ന് മനസിലാക്കിയിട്ടുവേണം നമ്മൾ പ്രവർത്തിച്ചൊതുക്കാനെന്ന് വിചാരിച്ചിരുന്നാൽ കാര്യം നടക്കില്ല. അന്ധമായിട്ട് വിശ്വസിക്കുക, അത് ചെയ്തൊപ്പിക്കാൻ കഴിയും. ഭക്തിയെന്നു പറഞ്ഞാൽ അന്ധവിശ്വാസത്തിൽ ഉറച്ചുനിൽക്കുന്നതൊന്നുമല്ല. ഇവിടെ നിന്നു പഠിച്ചുപോയ ഒരു പെൺകുട്ടി. പെന്തക്കോസ്തിന്റെ രീതിയിൽ അവർ ജീവിക്കുകയാണ്. പക്ഷെ ഒരു കല്യാണം കഴിഞ്ഞു. അടുത്തത് കഴിയാനായിട്ടിരിക്കുന്നു. എന്താണ്? കർമഗതിയാണ്. അതുപോലെ തന്നെ, വേറൊരു മനുഷ്യൻ എന്റെ മുന്നിൽ വന്നു. അദ്ദേഹം ജർമ്മനിയിലും അങ്ങനെ പല സ്ഥലത്തും ഹോസ്പിറ്റൽ നടത്തുകയാണ്. ദുബായിലും അവർക്ക് മൂന്ന് ഹോസ്പിറ്റലുകളുണ്ട്. പക്ഷെ അവരുടെ മകളുടെ വിവാഹം കഴിഞ്ഞിട്ട് മൂന്നു മാസമേ ആയുള്ളൂ. ഒന്നരമാസം മുമ്പ് ആ കുട്ടിയുടെ ഭർത്താവ് കാൻസർ വന്ന് മരിച്ചുപോയി. അതാരുടെ കുഴപ്പമാണ്? ആ മാമന്റെ കുഴപ്പമോ, പെണ്ണിന്റെ കുഴപ്പമോ, ചെയ്തവരുടെ കുഴപ്പമോ? പണമില്ലാത്തതിന്റെ കുഴപ്പമോ? നമ്മളൊന്നു ചിന്തിച്ചു നോക്കുക. ഇവിടെ ഞാൻ എല്ലാവരോടും പറയും; നിങ്ങൾ ഈ കർമഗതിയെ സൂക്ഷിക്കണം, നിങ്ങളുടെ കർമഗതി അഴിഞ്ഞുപോവണം, നിങ്ങളുടെ രോഗവും വിഷമവും അതിൽക്കൂടി മാറിപ്പോവണം. പിന്നെ ഏതെല്ലാം സ്വഭാവത്തിലും-സ്നേഹമായിട്ടും, ശാസിച്ചും, അല്ലാതെയും- ഒരു കുട്ടി സഹിക്കുന്നത് കാണുമ്പോഴേ നമുക്കറിയാം നിങ്ങൾക്ക് ഗുരുവിനോടു സ്നേഹവും അന്ധമായ വിശ്വാസവുമുണ്ട്. ആ വിശ്വാസത്തിലിരിക്കുന്ന അബദ്ധവശത്തെയാണ് ഞാനിവിടെ സൂചിപ്പിക്കുന്നത്. നിങ്ങൾ കുറച്ചുകൂടെ വിശാലമായിട്ടും മനസിനെ തുറന്നും പ്രവർത്തിക്കാമെങ്കിൽ ഈ ദുരന്തങ്ങൾ ഒഴിവാക്കാം.

യേശുവും നബിതിരുമേനിയുടെ പരമ്പരയും സഹിച്ച പോലെയൊന്നും നമ്മൾ സഹിക്കേണ്ട ആവശ്യം ഇല്ല. മറിച്ച് ആ ത്യാഗപൂർണ്ണമായിരിക്കുന്ന ജീവിതത്തിന്റെ മറ്റൊരു ഭാഗം കണ്ടിട്ട് നമ്മൾ എങ്ങനെ പോകണം. എന്റെ ഗുരു എന്തെല്ലാം സഹിച്ചിരിക്കുന്നു, എന്തെല്ലാം വേദന അനുഭവിച്ചിരിക്കുന്നു, അത് എന്തിനുവേണ്ടിയാണ് സഹിച്ചതെന്ന് ഓർമിക്കുമ്പോൾ നമുക്കു പലതും സഹിക്കാനും, അതിന്റെ രീതിയിൽ ക്ഷമിക്കാനും പുണ്യം സമ്പാദിക്കാനും കഴിയും.

**(ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** –അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)

# ആത്മനിവേദനത്തിന്റെ അത്യപൂർവ്വ മാതൃക

ശിഷ്യനെ തന്നോളം മഹത്വപ്പെടുത്തുന്ന ഗുരുവിന്റെ സ്നേഹത്തിനും കരുതലിനും അതിരുകളില്ല. ശിഷ്യനു വേണ്ടിയുള്ള ഗുരുവിന്റെ നിതാന്തമായ കാത്തിരിപ്പ് അർത്ഥപൂർണ്ണമാകുന്നത് ശിഷ്യനെക്കുറിച്ചുള്ള ഗുരുവിന്റെ പ്രതീക്ഷ സഫലീകൃതമാകുമ്പോഴാണ്. "ഗുരു സകല ധർമ്മാത്മാ" എന്ന അനുഭവബോധ്യത്തോളം എത്തുന്ന ശിഷ്യന്റെ ആ ദർശനസാക്ഷാത്കാരം അന്യാദൃശമാണ്. ഗുരു എന്ന അവസ്ഥയുടെ നിദാനഭൂതമായ സത്യം, ഗുരുവിന്റെ അപര്യന്ത മഹിമ, സമുത്കൃഷ്ട ചരിതം എല്ലാം യഥാതഥം വെളിപ്പെടുത്തപ്പെടേണ്ടത് ഗുരുവിലൂടെയല്ല, ആ ശിഷ്യനിലൂടെയത്രെ.

പരിണാമരഹിതനായ ഗുരു പരിണാമത്തിന്റെ രഹസ്യമാണെന്നും ആ ശിഷ്യൻ അറിയുന്നു. ആ ശിഷ്യനെ സംബന്ധിച്ച ഏറ്റവും വലിയ സവിശേഷത പ്രപഞ്ചത്തിന്റെ താളവും ലയവും വ്യവസ്ഥയുമായ ഗുരു ആ ശിഷ്യന്റെ ശരീരനിലയങ്ങളിലും ദർശനലോകങ്ങളിലും ജാഗ്രത്, സ്വപ്ന, സുഷുപ്തി, തുരീയ അവസ്ഥാന്തരങ്ങളിൽ താൻപോലും അറിയാതെ പ്രത്യക്ഷീഭവിക്കുന്നു എന്നുള്ളതാണ്. അങ്ങനെ സകല ധർമ്മാത്മാവായ ഗുരുവിന് ആ സമ്പൂർണ്ണഭാവത്തിൽ സന്നിധാനം ചെയ്യാൻ വേണ്ടി സ്വന്തം വ്യക്തിസത്ത പൂർണ്ണമായും ത്യജിച്ച് പകരം ഗുരുവിന്റെ വ്യക്തിസത്തയായി ഭവിക്കുകയാണ്. അപ്പോൾ ഭാവങ്ങളെല്ലാം ഗുരുവിന്റേത്. ചേഷ്ടാവിശേഷങ്ങൾ പോലും ഗുരുവിന്റേത്. ഇവിടെ ശിഷ്യപൂജിത ഗുരുവിന്റെ പ്രത്യയഭാവം തന്നെയായി പരിണമിക്കുകയാണ്. ശിഷ്യപൂജിതയുടെ ആന്തരികലാവണ്യം മാത്രമല്ല സമസ്ത സൗഭഗങ്ങളും ഗുരുവിന്റേതിന് സദൃശം. ഗുരു എന്തറിവിൽ പ്രവർത്തിക്കുന്നു, എന്തു ധർമ്മം പ്രതിനിധാനം ചെയ്യുന്നു, ലോകവിധിക്ക് ആ ധർമ്മം എങ്ങനെ പ്രസാദമാകുന്നു എന്നിവ പൂർണ്ണമായും ബോധ്യപ്പെടുന്നത് ആ ശിഷ്യനു മാത്രം. ഗുരു അനുഭവം; അഥവാ അനുഭവം ഗുരു എന്ന സമീക്ഷ ഈ ശിഷ്യന്റെ ധാരണയ്ക്കപ്പുറം പരിചിന്തിക്കേണ്ട ആവശ്യമേ ഇല്ല. ഈ ശിഷ്യന് സ്വധർമ്മമില്ല. സ്വത്വമില്ല, ആകെയുള്ളത് ഗുരുവിനെ പ്രതിനിധീകരിക്കുന്ന അനന്യവൃത്തി മാത്രം. പ്രകൃതിയിൽ അന്തർലീനമായിരിക്കുന്ന ഏകകങ്ങളെ ഒന്നൊന്നായി കണ്ടെത്തുമ്പോഴും അവയെ കൂട്ടിച്ചേർത്ത് സർഗസൃഷ്ടി നടത്തുമ്പോഴും ആ ശിഷ്യനുണ്ടാകുന്ന അളവറ്റ ഹർഷോന്മാദം പോലും ഗുരുവിൽ സമർപ്പിക്കുന്നു. ആത്മനിവേദനത്തിന്റെ അത്യപൂർവ്വ മാതൃക ഇതാണ്. അത്തരം ഒരു ശിഷ്യനു തുല്യം ആ ശിഷ്യൻ മാത്രം. അതിന് ഉപമയും ഉപമാനങ്ങളുമില്ല. അങ്ങനെ ഗുരു തന്നിൽ തന്നെ ലയിപ്പിച്ചെടുത്ത അന്യാദൃശമായ ആ ഉരുവമത്രെ ഗുരുവിന്റെ ശിഷ്യപൂജിത!

# ജന്മഗൃഹ തീർത്ഥയാത്രാ വാർഷികം ആഘോഷിച്ചു




ജനുവരി 10 ന് നടന്ന ജന്മഗൃഹതീർത്ഥയാത്ര

**ചന്ദിരൂർ:** ഗുരുവിന്റെ ജന്മഗൃഹത്തിലേക്കുള്ള ചോതിനാളിലെ തീർത്ഥയാത്രയുടെ പതിനെട്ടാമത് വാർഷികം ജനുവരി പത്തിന് പ്രാർത്ഥനാപൂർവം ആഘോഷിച്ചു. രാവിലെ 8ന് എരമല്ലൂർ ജംഗ്ഷനിൽ നിന്ന് ആരംഭിച്ച തീർത്ഥയാത്രയ്ക്ക് ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി തുടക്കം കുറിച്ചു. കൈകളിൽ ചന്ദനത്തിരികളും നാവിൽ അഖണ്ഡനാമജപവുമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ നൂറുകണക്കിന് തീർത്ഥാടകർ ജന്മഗൃഹത്തിലേക്ക് കാൽനടയായി നീങ്ങി. ഒൻപത് മണിയോടെ ജന്മഗൃഹത്തിലെത്തി ആരാധനയ്ക്ക് ശേഷം തീർത്ഥയാത്രാ വാർഷിക സമ്മേളനവും നടന്നു. എ.എം ആരിഫ് എം.എൽ.എ സമ്മേളനം ഉദ്ഘാടനം ചെയ്തു. സ്വാമി ചൈതന്യ ജ്ഞാനതപസ്വി അദ്ധ്യക്ഷത വഹിച്ചു. അരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബി. രത്നമ്മ സൗജന്യ മെഡിക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. കെ.എസ്.ഡി.പി ചെയർമാൻ സി.ബി ചന്ദ്രബാബു മുഖ്യപ്രഭാഷണം നടത്തി. ജനനി അഭേദാ ജ്ഞാന തപസ്വിനി, റവ. ഫാദർ ജോൺസൺ കൂവേലി, കെ.പി.സി.സി സെക്രട്ടറി സി.കെ ഷാജിമോഹൻ, സി.പി.ഐ ജില്ലാ കമ്മിറ്റി അംഗം അഡ്വ. ഡി. സുരേഷ് ബാബു, ബി.ജെ.പി ദക്ഷിണ മേഖലാ പ്രസിഡന്റ് വെള്ളിയാകുളം പരമേശ്വരൻ, സി.കെ പുഷ്പൻ, റഫീഖ് കാരുണ്യ, നൗഷാദ് കുന്നേൽ തുടങ്ങിയവരും സംസാരിച്ചു.

# താരത്തിളക്കമായി അനാമിക



അനാമിക എൻ.എ.

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിലെ കുഞ്ഞുതാരമായി മാറുകയാണ് അനാമിക എൻ.എ. ഏഷ്യാനെറ്റിലെ കോമഡി സ്റ്റാർ പരമ്പരയുടെ നിറസാന്നിദ്ധ്യമായ ഈ കുഞ്ഞുമിടുക്കി ഓരോ കഥാപാത്രത്തെയും വ്യത്യസ്തമായി അവതരിപ്പിക്കുന്നതിനു ജഡ്ജിംഗ് പാനലിന്റെ പ്രത്യേക അഭിനന്ദനങ്ങൾ നേടിയിട്ടുണ്ട്. ഇതോടൊപ്പം പഠനത്തിലും ശ്രദ്ധ പുലർത്തുന്നു. കൂടാതെ കവിതാലാപനത്തിലും താല്പര്യമുണ്ട്. ശാന്തിഗിരി വിദ്യാഭവനിലെ 5 ാം ക്ലാസ് വിദ്യാർത്ഥിനിയാണ് അനാമിക.



‘വാസശ്രീ’ പദ്ധതിപ്രകാരമുള്ള ധനസഹായത്തിന്റെ ആദ്യഗഡു ജനസേവികപുരം യൂണിറ്റിലെ ജി. ശ്രീകണ്ഠൻ-പി. സുലോചന ദമ്പതിമാർക്ക് സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി വിതരണം ചെയ്യുന്നു

# ഗോമാതാക്കളെ കണ്ടും അറിഞ്ഞും ശാന്തിഗിരി വിദ്യാഭവൻ മാതൃഭൂമി സീഡ് അംഗങ്ങൾ



കുട്ടികൾ ആശ്രമം ഗോശാലയിൽ

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ മാതൃഭൂമി സീഡ് ക്ലബിന്റെ ആഭിമുഖ്യത്തിൽ ആശ്രമത്തിലെ ഗോശാലയിലേക്ക് വിദ്യാർത്ഥികളുടെ പഠനയാത്ര നടന്നു. ജൈവവൈവിധ്യ സംരക്ഷണ പ്രോജക്റ്റിന്റെ ഭാഗമായാണ് പഠനയാത്ര സംഘടിപ്പിച്ചത്. പശു സംരക്ഷണ കർമങ്ങൾ, ക്ഷീരോൽപാദനം, പാലുല്പന്നങ്ങളുടെ നിർമ്മാണം, ബയോ ഗ്യാസ് തുടങ്ങി വിവിധ വിഷയങ്ങളെക്കുറിച്ച് കുട്ടികൾ റിപ്പോർട്ട് തയ്യാറാക്കി. ഗോശാലയിലെ സൂപ്പർവൈസർ കെ.പി. സോമസുന്ദരം കുട്ടികൾക്ക് കാര്യങ്ങൾ വിശദീകരിച്ചുകൊടുത്തു. അദ്ധ്യാപകരായ ബിന്ദു എം.പി, ഷൈജു കെ. മാലൂർ തുടങ്ങിയവർ നേതൃത്വം നല്കി.



ആശ്രമം സന്ദർശിച്ച കർണാടക മന്ത്രി യു.റ്റി. ഖാദറിന് സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഉപഹാരം സമ്മാനിക്കുന്നു

# ദിവംഗതരായി



ജി. രാമദാസ്



ബി. ഭാനു ആശാൻ

**വക്കം:** ആദ്യകാല ഗുരുഭക്തനായ കദളിക്കാട് ജി. രാമദാസ് (85) ജനുവരി 9 ന് ദിവംഗതനായി. സംസ്കാരം നടന്നു. ഭാര്യ: സതീദേവി. മക്കൾ: പത്മജ കെ.ആർ., ഗുരുചിത്ത് കെ.ആർ. (ആശ്രമം ഓപ്പറേഷൻസ് ഡിപ്പാർട്ട്മെന്റ്), ജയ കെ.ആർ., ദിവംഗതനായ ദേവദത്ത് കെ.ആർ. ‘ഗുരുവിഹാർ’ സ്ഥിതി ചെയ്യുന്ന സ്ഥലം ഈ കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ളതായിരുന്നു.

**നെടുമങ്ങാട്:** ആദ്യകാല ഗുരുഭക്തനും പ്രശസ്ത നാടൻ കലാചാര്യനും കേരള ഫോക്‌ലോർ അക്കാദമി അവാർഡ് ജേതാവുമായ നെടുമങ്ങാട് കഴക്കുന്ന് ഗുരുകൃപയിൽ ബി. ഭാനു ആശാൻ (96) ജനുവരി 8 ന് ദിവംഗതനായി. സംസ്കാരം നടന്നു. മക്കൾ: പ്രഭലകുമാരി, പ്രശോഭ, പ്രതാപചന്ദ്രൻ, പ്രലേഖ. മരുമക്കൾ: സി. സുരേന്ദ്രനാഥൻ, ഹർഷൻ, ഗീത, വിജയൻ.

## കർണാടക മന്ത്രി യു.റ്റി. ഖാദർ ആശ്രമം സന്ദർശിച്ചു

**സ്പിരിച്ചൽ സോൺ:** കർണാടക ഭക്ഷ്യവിതരണ മന്ത്രി യു.റ്റി. ഖാദർ ആശ്രമം സന്ദർശിച്ചു. ജനുവരി 11 വ്യാഴാഴ്ച വൈകുന്നേരം ആശ്രമത്തിലെത്തിയ അദ്ദേഹത്തെ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി, സ്വാമി ജ്യോതിർപ്രകാശ ജ്ഞാനതപസ്വി എന്നിവരുടെ നേതൃത്വത്തിൽ സ്വീകരിച്ചു.

സ്പിരിച്ചൽ സോണിൽ പർണശാലയും സഹകരണമന്ദിരവും സന്ദർശിച്ച ശേഷം ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയുമായും മന്ത്രി ഖാദർ കൂടിക്കാഴ്ച നടത്തി. കർണാടക മന്ത്രിക്ക് ശാന്തിഗിരി ആശ്രമത്തിന്റെ സ്നേഹോപഹാരം സ്വാമി സമ്മാനിച്ചു.



# പൂജിതപീഠം സമർപ്പണം: ഗൃഹസന്ദർശന പരിപാടി


എ. വാമചന്ദ്രനും കുടുംബവും -കരുണപുരം


രഗ്ബീർസിംഗ് സിദ്ധുവും കുടുംബവും– ജ്യോതിപുരം


ജി. ശിവാനന്ദനും കുടുംബവും – കാഞ്ഞാംപാറ


ആർ. ജോയിയും കുടുംബവും– കരുണപുരം


ആർ. അശോക് കുമാറും കുടുംബവും– കരുണപുരം


ബി. ബാഹുലേയനും കുടുംബവും– കാഞ്ഞാംപാറ


റ്റി.റ്റി. അഖിലും കുടുംബവും– കരുണപുരം


എസ്. പ്രസാദും കുടുംബവും –ജ്യോതിപുരം


വി.വി. അജയനും കുടുംബവും– കരുണപുരം


എസ്. ബിനുമോനും കുടുംബവും – ജ്യോതിപുരം



Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala